80 (98) ചേകന്നൂർ മൗലവി വധക്കേസ്

ശ്രീ.എം.വി.ജയരാജൻ :
ശ്രീ.എൻ.കണ്ണൻ :
ശ്രീ.എം.ദാസൻ :
ശ്രീ.കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ.പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

(എ) മതപ്രഭാഷകൻ ചേകന്നൂർ മൗലവിയെ തട്ടിക്കൊണ്ടുപോയി കൊലപ്പെടുത്തി എന്ന കേസിന്റെ അന്വേഷണം ഇപ്പോൾ ഏത് ഘട്ടംവരെ ആയി എന്ന് സർക്കാരിന് അറിവുണ്ടോ;

(ബി) പ്രസ്തുത കേസ് അന്വേഷണത്തിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത കേസ് അന്വേഷണത്തിൽ സംസ്ഥാനത്ത് ആരൊക്കെയാണ് പിടിക്കപ്പെട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) കേസ് അന്വേഷണത്തിൽ പിടിക്കപ്പെട്ടിട്ടുള്ളവരുടെ രാഷ്ട്രീയ ബന്ധം സംബന്ധിച്ച് ഏതെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) ചേകന്നൂർ മൗലവി കൊലക്കേസ്സിലെ പ്രതികളെ എവിടെ വച്ചാണ് അറസ്റ്റുചെയ്തതെന്ന് എന്തെങ്കിലും വിവരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) ചേകന്നൂർ മൗലവിവധം സംബന്ധിച്ച കേസ് അന്വേഷണം സി.ബി.ഐ.യെ ഏൽപ്പിക്കാൻ തീരുമാനിച്ചത് എപ്പോഴാണ് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ..ഇ) സി.ബി.സി.ഐ. യാണ് കേസ് അന്വേഷണം നടത്തുന്നത്. അതിനാൽ വിശദവിവരങ്ങൾ ലഭ്യമല്ല.

(എഫ്) 23-12-94-ലെ ഗവൺമെന്റ് നോട്ടിഫിക്കേഷൻ പ്രകാരം സി.ബി.ഐ.ക്ക് കൈമാറുകയുണ്ടായി.

81 (99) സംസ്ഥാനത്തെ കൊലപാതകങ്ങൾ

ശ്രീ.പി.കെ.അബ്ദുറബ്ബ് :
ശ്രീ.എ.വി.അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര കൊലപാതകങ്ങൾ നടന്നു;

(ബി) ഇവയിൽ ഇനി എത്ര കേസുകൾ തെളിയിക്കപ്പെടാനുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2058 കൊലപാതകങ്ങൾ.

(ബി) 112 കേസ്സുകൾ തെളിയിക്കപ്പെടാനുണ്ട്.

82 (100) മൃതദേഹത്തെ അപമാനിച്ചതായി പറയപ്പെടുന്ന സംഭവം

ശ്രീ.വി.ജെ.പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിൽ കുറുംപനാടം പള്ളിയിൽ അടക്കം ചെയ്ത മൃതദേഹത്തെ അപമാനിച്ചതായി പറയപ്പെടുന്ന സംഭവത്തെക്കുറിച്ചുള്ള അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിലെ പ്രതികളെ ആരെയെങ്കിലും അറസ്റ്റ് ചെയ്തോ;

(സി) ഇല്ലെങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ കേസിന്റെ അന്വേഷണം ഇപ്പോൾ ആരാണ് നടത്തുന്നത്;

(ഇ) ഈ കേസിന്റെ അന്വേഷണം സ്തംഭിച്ചിരിക്കുന്നുവെന്ന ആക്ഷേപം ശരിയാണോ;

(എഫ്) മൃതദേഹത്തെ അപമാനിച്ചതായി കോട്ടയം ജില്ലയിൽ എവിടെ നിന്നെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ജി) ഉണ്ടെങ്കിൽ അതിന്റെ അന്വേഷണം ഏതു ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-ഡി) ഈ കേസിൽ ക്രൈംബ്രാഞ്ച് നടത്തിയ അന്വേഷണത്തിൽ പ്രതിയെപ്പറ്റി വ്യക്തമായ തെളിവുകൾ ലഭിക്കാത്തതിനെ തുടർന്ന് ഈ കേസ് തെളിയേണ്ടും പട്ടികയിൽ ചേർക്കുന്നതിന് യു.എൻ. റിപ്പോർട്ട് തയ്യാറാക്കി ചങ്ങനാശ്ശേരി ജെ.എഫ്.സി.എം. കോടതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

(ഇ) ശരിയല്ല.

(എഫ്, ജി) പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് ക്രൈം-ബ്രാഞ്ച് അന്വേഷണം നടത്തിയത്.

83 (101) മൃതദേഹത്തെ അപമാനിച്ചു എന്ന ആക്ഷേപം

ശ്രീ.എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈക്കം എസ്.ഐ. മൃതദേഹത്തെ അപമാനിച്ചു എന്ന ആക്ഷേപം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനെക്കുറിച്ച് അന്വേഷണം നടത്തിയോ; നടത്തിയെങ്കിൽ ആരെക്കൊണ്ടാണ് അന്വേഷണം നടത്തിയത്;

(സി) അന്വേഷണത്തിൽ എന്തെല്ലാം കുറ്റങ്ങൾ എസ്.ഐ. നടത്തിയെന്ന് തെളിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly